# VISION



KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION
PRESENTS

# VISION

# Digital Magazine

## 2018-19

*Presented By -----*

## DBHS VAMANAPURAM



# സ്വാഗതം

**Little Kites അംഗങ്ങൾ തയ്യാറാക്കിയ ഈ Digital Magazine-ലേക്ക് ഏവർക്കും സ്വാഗതം.**



# ആശംസ



Little Kites അംഗങ്ങൾ

തയ്യാറാ-

ക്കിയ ഈ Digital

Magazine ന്

എന്റെ എല്ലാ-

വിധ ആശംസകളും നേരുന്ന

എന്ന്,

ഹെഡ്മിസ്ട്രസ്


# ആമുഖം

നമസ്ക്കാരം കൂട്ടുകാരേ....

ഇന്ന് നമ്മുടെ സാങ്കേതിക വിദ്യ വളർന്നു കൊണ്ടിരിക്കുകയാണ് എന്നു നിങ്ങൾക്ക് എല്ലാവർക്കും അറിയാവുന്നതാണല്ലോ. അതിനൊരു ഉത്തമ മാതൃകയാണ് ഈ ഡിജിറ്റൽ മാഗസിൻ. കുട്ടികളും അതിവിദഗ്-ദമായി സാങ്കേതിക വിദ്യയുടെ പടവുകൾ താണ്ടികൊണ്ടേയിരിക്കുകയാണ്.ഈ ഡിജിറ്റൽ മാഗസിൻ അതിനൊരു വഴിത്തിരി-വാകുകയാണ്. ഡിജിറ്റൽ എന്ന നൂതന സാങ്കേതിക വിദ്യയിലൂടെ കുട്ടികളുടെ മനം കവരും ആശയങ്ങൾ DBHS Vamanapuram സ്കൂളിലെ Little kites ക്ലബ് അംഗങ്ങൾ ഈ മാഗസീനിലൂടെ പകർന്ന് നൽകുന്നു......


മലയാളം രചനകൾ

# നമസ്കാരം !



നേരം പുലരും നേരത്ത്
തോട്ടും തൊടിയും പിന്നിട്ട്
ഓടിപ്പോകും പതിവായ് ഞാൻ
ഓരോ താമരയും കാണാൻ !
കുളത്തിനുള്ളിൽ താമരകൾ
ചിരിച്ചു സൂര്യനുദിച്ചുവരും
നമസ്കരിക്കും താമരയെ !

-ജിഷ്ണ ശശിധൻ 9.b

17.

# <u>ജീവികളും കൂട്ടവും</u>













15.

# <u>കിങ്ങിണി പൂച്ച</u>



മുത്തശ്ശിയമ്മേടെ കിങ്ങിണി പൂച്ചയ്ക്ക്
മുത്തുപോലെ രണ്ടു കുഞ്ഞുങ്ങൾ
ഓടി കളിക്കുമ്പം ചാടി കളിക്കുമ്പം
മുത്തശ്ശിയമ്മയ്ക്ക് സന്തോഷം
ഓടി കളിച്ചിട്ടും ചാടി കളിച്ചിട്ടും
പാത്രങ്ങൾ ഒക്കെയും തട്ടിയുടയ്ക്കുമ്പോൾ
മുത്തശ്ശിയമ്മയ്ക്ക് ആക്രോശം .......

Nakshathra .a.t
10 c

# സമ്പാദ്യം

ബാലനും രവിയും ബാല്യകാല സുഹൃത്തുക്കളാണ്.അവർ വളരെക്കാലങ്ങൾക്ക് ശേഷം കണ്ടു മുട്ടി.രവി പറഞ്ഞു ദൈവം എനിയ്ക്ക് എല്ലാം തന്നു. കാറ്,ബംഗ്ലാവ്,ഏക്കർ കണക്കിന് പുരയിടം. കോടികണക്കിന് രൂപയുടെ ആസ്തി ...... എല്ലാറ്റിനും അവകാശിയായി ഒറ്റമോൾ.ഞാൻ ഭാഗ്യവാനാണ്. നീയോ?

ഓ ഞാൻ ഒരു സാധു. വീടില്ല,കാറില്ല,ആകെയുള്ളത് ഒരു മകനാണ്... പക്ഷേ, അവൻ നിന്റെ മോളുമായി അഗാധ പ്രേമത്തിലാണ്....അറിയുമോ?ബാലൻ പറഞ്ഞതു കേട്ട് രവി തലയ്ക്ക് കൈയും കൊടുത്ത് ഇരുന്നു.

Adithya dev
10c

3.

# മറിച്ചുചൊല്ലൽ

'ലത' യെ മറിച്ചാൽ

'തല'യായീടും

'രവി'യെ മറിച്ചാൽ

'വിര'യായീടും

'ലോകം' മറിക്കാൻ

തുനിഞ്ഞെന്നിരുന്നാൽ

'കോലം' കെട്ടുമെന്നോർമ്മ വേണേ.....

അനഘ എ.എസ്
9c

# ജനസംഖ്യാ വിസ്ഫോടനം

21ാം നൂറ്റാണ്ടിന്റെ പകുതി കഴിയുമ്പോഴേക്കും ലോകജനതയുടെ എണ്ണം ആയിരം കോടിയോളമെത്തുമെ-ന്ന ഭീതിദമായ ഓർമപ്പെടുത്തലോടെ ഒരു ജൂലായ് പതിനൊന്ന് കൂടി വരിക-യാണ്. ലോക ജനസംഖ്യ ഇന്ന് എഴുന്നൂറ് കോടി കവിഞ്ഞിരിക്കുന്നു. എന്ന് നമ്മൾ മനസ്സിലാക്കുക.....

സ്നേഹ
അഞ്ച് എ




# ഫുട്ബോളിന്റെ മിശിഹ

അർജന്റീന സൂപ്പർതാരം ലയണൽ മെസ്സിയുടെ കുട്ടിക്കാലം രോഗങ്ങളുടെയും വേദനകളുടേതുമായിരുന്നു..പതിനൊന്നാം വയസ്സിൽ ശാരീരിക വളർച്ചയ്ക്കാവശ്യമായ ഹോർമോൺ ഉത്പാദനം കുറഞ്ഞ് മെസ്സി അവശനായി. ദിവസവും പന്ത്രണ്ട് പതിമൂന്ന് ഇഞ്ചക്ഷൻ മെസ്സിയുടെ ശരീരത്തിൽ എടുക്കുമായിരുന്നു . വേദനകൊണ്ട് പുളഞ്ഞ രാത്രികളിൽ അവൻ ഫുട്ബോൾ സ്വപ്നം കണ്ടു. അസുഖം മാറി പരിശീലനം ആരംഭിച്ച മെസ്സി ഇന്ന് ലോകം കണ്ട മികച്ച കളിക്കാരനാണ്.

Arya sasi
5b

,

# വസന്തകാലം

മണ്ണും വിണ്ണും മഞ്ഞും മഴയും
താരാട്ടുപാടി മാറി നിന്നു.
തുമ്പയും തെച്ചിയും മുക്കുറ്റിപ്പൂക്കളും
മലയാളമാകെ പൂത്തുലഞ്ഞു.
പൂന്തേനുണ്ടു രസിച്ചു കളിക്കുവാൻ
വണ്ടുമുരണ്ടു പറന്നുവന്നു.
ഇമ്പമായ് പാട്ടുകള് പാടി
കരിങ്കുയില് തുമ്പമകറ്റി കിളികുലത്തിൻ
എങ്ങുമൊരുത്സാഹ മേളം വിതച്ചു
കൊണ്ടെങ്ങും നിറഞ്ഞു വസന്തകാലം.....


അനഘ.എ.എസ്
9c

# ഒരു ഗാനം

പുരയുടെ മുകളിൽ

തുരുതുരെ പെയ്യും

മഴയുടെ ഗീതം കേട്ടു ഞാൻ.

പുഴയുടെ തീരത്ത്

വെറുതെയിരിക്കുമ്പോൾ

പുതിയൊരു ഗീതം കേട്ടു ഞാൻ.

പച്ചിലചാർത്തിനെ
കാറ്റിന്റെ കൈകളാൽ
ഒച്ചവയ്പ്പിക്കും നേരങ്ങളിൽ
ഇത്തിരിനേരമാ മർമ്മര ഗീതത്തിൻ
സുന്ദരഛായയിൽ മയങ്ങി ഞാൻ.

സായന്തനത്തിന്റെ

ശോണിമയാർന്നൊരു നേരത്തു

ചേക്കേറും കിളികുലത്തിൻ

ഒച്ചയാൽ തീർന്നൊരുള്ള

കോലാഹലത്തിന്റെ

വിസ്മയലോ-

കത്തു ഞാനിരിക്കെ.

എന്നും അത്ഭുതലോകത്ത്

ഞാൻ മയങ്ങി........

അനഘ എ.എസ്
9c

# ഉത്സവം

താലപ്പൊലിയും കൊട്ടുംപാട്ടും
വർണ്ണക്കുടകളുമെന്തുരസം
മേളവുമാർപ്പും കുരവയുമായ്
ഉത്സവമാഹാ കേമം
പീപ്പികൾ വർണബലൂണുകളും
ഉത്സവമാകെ എന്തുരസം

വിഷ്ണു
5-A

# ഒരുമയുടെ ആഘോഷം

തെച്ചി പൂത്തു.

കണ്ണാന്തളിയും കാക്കപ്പൂവും

പൂത്തു.

പിച്ചിയും ജമന്തിയും

ചെമ്പകവും വിടർന്നു.

എങ്ങും പൂമണം പരന്നു.

പൂമ്പാറ്റകൾ പാറിപ്പറന്നു.

വണ്ടുകൾ മൂളിപ്പാട്ടുപാടി.

ഓണം വരവായി.

**ദീപിക.എസ്**

**5-A**

# കല്ല്യാണം

മുറ്റത്തുള്ളൊരു പന്തലിലിന്ന്
മുല്ലപ്പെണ്ണിന് കല്ല്യാണം
മൂളിപ്പാട്ടുകൾ പാടി നടക്കും
പൂവണ്ടാണേ മണവാളൻ
ചൂളമടിച്ചുപറക്കും കാറ്റേ
കല്ല്യാണത്തിന് നീ വരണം!

| |
|---|
| ദേവിക.എസ്<br>6-A |

# വാനിലുയർന്നു പറക്കട്ടെ

*ചന്തമെഴുന്നൊരു മൂവർണക്കൊടി*
*വാനിലുയർന്നു പറക്കുന്നു*
*കുങ്കുമവും തൂവെള്ളയുമടിയിൽ*
*പച്ചയുമൊന്നായ് ചേരുന്നു*
*നടുവിൽ നീലനിറത്തിൽ ചക്രം*
*വിളങ്ങിടുന്നു ചന്തത്തിൽ*
*നമ്മുടെ നാടിൻ പതാകയാണിത്*
*ഭാരതനാടിന്നഭിമാനം*

ആനന്ദ്
6-A

# പാവം പന്തേ.....

തട്ടും കിട്ടും
ചവിട്ടും കിട്ടും
മുട്ടിയുരുട്ടി ...
അടിയും കിട്ടും!
കെട്ടിയ വലയിൽ
പെട്ടുപോയാൽ
ആർപ്പും വിളിയും
ഉയർന്നുകേൾക്കും !
ഉരുളും പന്തേ,
ഉയരും പന്തേ,
മൈതാനത്തിലെയും പന്തേ.....

ശ്രീക്കുട്ടി.എ
5-B

# മെയ്ദിനം

വർഷംതോറും ഈദിനം

ആചരിക്കുന്നുണ്ട്.ഈ ദിനത്തെ കുറിച്ച്..........

പണിയെടുക്കുന്നവർക്കുവേണ്ടി ഒരു

ദിനം. വിയർപ്പിൻറ വിലയറിയുന്നതിന്

ഒരു ദിവസം .ദിവസത്തിൽ 20 മണിക്കൂറും

ജോലി ചെയ്യേണ്ട ഗതികേട് തൊഴിലാളി

സമൂഹത്തിനുണ്ടായിരുന്നു.

ഇതിനെ എതിരെ തൊഴിലാളികൂട്ടങ്ങളാ-

യി പ്രതിഷേധിച്ചു ഇവർ. നീണ്ട സമര-

ങ്ങളുടെ ഫലമായി മുതലാളിസമൂഹക്കൂട്ടങ്ങൾ

ഈ വാദം അംഗീകരിച്ചു

**_ഈദിനം മെയ്ദിനംമായി മാറി**

അമ്മു.A

7-B

# ചാച്ചാജി

ലോകമാകെ ചാച്ചാജി

എന്നറിയപ്പെടുന്ന പണ്ഡിറ്റ്

ജവഹർലാല്നെഹ്റു 1889 നവംബർ

14 ന് ഉത്തർപ്റദേശിലെ

അലഹബാദിലാണ് ജനനം

ചാച്ചാജിയുടെ

ഓർമ്മദിവസമായി ആണ് നാം

ശിസുദിനം ആചരിക്കുന്നത്

ദിയ.എസ്
6-A

# ആഘോഷപ്രിയൻ

**മതപരമായ ആഘോഷകളോട് പ്രതിപത്തിയുള്ളവനായിരുന്നു. ജവഹർലാൽ. ഹോളിയും ദീപാവലിയും ദസറയും എല്ലാം ആ ബാലന് ഹരം പകർന്നിരുന്നു.**

**എന്നാൽ ഇവയെക്കാളോക്കെ കൊച്ചു നെഹ്റു ഇഷ്ട്പ്പെട്ടിരുന്നത് വർഷത്തിലൊരിക്കൽ വന്നുചേരുന്ന പിറന്നാൾ ആഘോഷമായിരുന്നു.എല്ലാജന്മദിനത്തിനും തുലാഭാരം പതിവുണ്ടായിരുന്നു.**

**പുലർച്ചക്കു തന്നെ ജവാഹറിനെ വലിയ ഒരു തുലാസിന്റെ ഒരു തട്ടിൽ കയറ്റിയിരുത്തും.തുടർന്ന് മാതാപിതാക്കൾ മറ്റേതട്ടിൽ ചാക്കുനിറയെ നെല്ലോ,ഗോതമ്പോ മറ്റുധാന്യങ്ങളോ ബാലന്റെ തുക്കത്തിനനുസരിച്ച് വയ്ക്കും. പിന്നീട് അവയത്രയും പാവങ്ങൾക്ക് വിതരണം ചെയ്യും.**

**തുടർന്ന് മാതാവ് പുത്രനെ കുളിപ്പിച്ച് പുതിയ വസ്ത്രങ്ങൾ ധരിപ്പിക്കും. പിന്നെ പിറന്നാൾ സമ്മാനങ്ങളുടെ ഒരു പ്രവാഹം തന്നെയായിരിക്കും. മധുരപലഹാരങ്ങൾ,പുസ്ത്തകങ്ങൾ,മോടിയേറിയ ഉടുപ്പുകൾ അങ്ങനെ നീണ്ടുപോകും സമ്മാനപട്ടിക.**

-ജവഹർലാൽ നഹറു

ദേവിക.എസ്
9-C

# ടീച്ചറും കുട്ടികളും

*അടി വാങ്ങൂല അടിപിടിയില്ല*

*അനുസരണയുള്ള കുട്ടികൾ നാം*

*ക്ളാസിൽ ടീച്ചറെത്തീടുമ്പോൾ*

*നമസ്തേ ചൊല്ലിയെഴുന്നേൽക്കും*

*ഹാജർ ചൊല്ലി വിളിച്ചീടുമ്പോൾ*

*"യെസ് സാർ " ചൊല്ലി എഴുന്നേൽക്കും*

*പാഠഭാഗമെടുത്തീടുമ്പോൾ*

*ശ്രദ്ധയോടെ കേട്ടീടും*

*സംശയമേതുമുണ്ടായാൽ*

*ചോദിച്ചതിന്നൊരു 'ശരി' കാണും!*

ജിത്തു-
6B

# ക്വിസ്

1. കേരളത്തിലെ  ഏറ്റവും വലിയ കായൽ?

വേമ്പനാട്ട് കായൽ

2. കർഷക ദിനമായി  ആചരിക്കുന്നത് എന്ന് ?

ചിങ്ങം 1

3.കേരള  വ്യാസൻ എന്ന് അറിയപ്പെടുന്നത് ?

കുഞ്ഞിക്കുട്ടൻ തമ്പുരാൻ

4.കണ്ണിൽ മണ്ണിടുക എന്ന ശൈലിയുടെ അർത്ഥം?

വഞ്ചിക്കുക

5.നാരായണിയത്തിന്റെ  കർത്താവ് ?

മേല് പത്തൂർ നാരായണൻ ഭട്ടതിരിപ്പാട്

ഗായത്രി.

6.B

# പടക്കം

നാളെ വിഷുവാണ്, ഇതുവരെ പടക്കമൊന്നും വാങ്ങിയില്ല. അപ്പുറത്തും ഇപ്പുറത്തുമുള്ള വീടുകളില് നിന്നും പടക്കം പൊട്ടുന്ന ശബ്ദം അപ്പുവിന്റെ ചിന്തകൾക്ക് തടസമായി അവൻ ഓർത്തു. കഴിഞ്ഞ വർഷത്തെ വിഷു അമ്മാവനോടൊപ്പം ആഘോഷിച്ചത്. പടക്കവും കമ്പിത്തിരിയും മറ്റും കത്തിച്ചു മതിമറന്നു.

മാലിക വിനീത് 9-B

# സ്നേഹം

പൂവിനെ, പൂത്തുമ്പിയെ
പൂനിലാവിനെ, കുളിർ-
ക്കാറ്റിനെ, പൂമ്പാറ്റയെ
സ്നേഹിക്ക, സ്നേഹിക്ക നാം

നാളെ, എന്നെന്നും സഹ-
ജാതരിലെക്കെ പെയ്യും
സ്നേഹമായി വളർന്നാവു
നീളെയി, യത്യാനന്ദം

കാർത്തിക.ആർ
9-B

# വെള്ളപ്പൊക്കം

*ഭൂമി പറയുന്നു എന്റെ രക്തമായ-*

*പുഴകളെ ഒഴുകാൻ വിടൂ......*

*എന്റെ രക്തത്തിൽ നിങ്ങൾ*

*മാലിന്യങ്ങൾ വലിച്ചെറിയരുത്*

*എന്റെ ജീവനെ നിങ്ങൾ*

*നശിപ്പിക്കരുതേ.............*

*നശിപ്പിക്കുമ്പോൾ എന്റെ രക്ത-*

*(സാവത്തിൽ നിങ്ങളുടെ ജീവൻ*

*കൂടിയാകും നഷ്ടപ്പെടുക.......*


അഭിഷേക്

10-A

# കാകസന്ദേശം

"ഛീ കാക്ക, അശ്രീകരം എല്ലായിടത്തും വന്ന് കേറികേളും നാശം"

മുത്തശ്ശി ഉറക്കെ വിളിച്ചുപറഞ്ഞുകൊണ്ട് കാക്കയെ ഓട്ടിച്ചു.

കാക്കനോക്കി.

"അതെ,ഞാൻ അശ്രീകരമാണല്ലോ. അടുത്തമാസം ചോറും കൊണ്ട് വരുന്നത് കാണാം .അപ്പോൾ ഞാൻ വന്നില്ലെകിൽ വലിയസങ്കടമാകും. ശരി ഇത്തവണ ഞാൻ കാണിച്ചു കൊടുക്കാം മോളെ കറുത്തതുണിയെടുത്ത് മുറ്റത്ത് ഇട്ടു, കാക്ക വരാതെ

ഉം, ഞാൻ മണ്ടൻ കാക്കയല്ല.

മുത്തശ്ശി നമ്മൾ എന്തിനാ കാക്കയെ ഓട്ടിക്കുന്നത്. കാക്കയെ ഇത്ര ദേഷ്യമെന്താണ് മുത്തശ്ശി ?

ഈ നശിച്ച കാക്ക അങ്ങനെയാണ്.

പിറ്റേ ദിവസം ചോറ് മുറ്റത്തിട്ടു. പക്ഷേ, ഒരൊറ്റ കാക്ക പോലും വന്നില്ല.

കാക്കകൾ ഒത്തു പറഞ്ഞു

ഞങ്ങൾ പണിമുടക്കിലാണ്......

ശ്രീക്കുട്ടി.വി
10.ബി

# മാറുന്ന ലോകം

ഇന്ന് നാം കാണുന്ന ഈ ലോകം നാളെ ഇങ്ങനെ ആകണമെന്നില്ല. ലോകം മാറികൊണ്ടിരിക്കുന്നു. ഇന്ന് എല്ലാം-മേഖലയിലും നാം നമ്മുടെ കഴിവ് തെളിയിച്ചു കൊണ്ടിരിക്കുകയാണ്. സങ്കേതികവിദ്യയിലും മറ്റു മേഖലയിലും നാം മുന്നേറുകയാണ്.

ലോകം വളർന്ന് കൊണ്ടിരിക്കുന്നോടൊപ്പം നമ്മുടെ ആശയങ്ങളും കഴിവുകളും വളരുന്നു . അങ്ങനെ ലോകം മാറികൊണ്ടിരിക്കുന്നു.

ദർശന.രാജ്
8.A

# നങ്ങേലിയുടെ കല്യാണം

*നങ്ങേലിപ്പൂച്ചയ്ക്ക് കല്യാണം*
*നാട്ടുകാരെല്ലാരുമൊത്തുകൂടി*
*പച്ചടി കിച്ചടി പപ്പടമുപ്പേരി*
*സദ്യയൊരുക്കി ചേട്ടന്മാർ*

*കൊട്ടും കുരവയും മേളാങ്കം*
*മണവാളനെത്തുന്ന നേരമായി*
*പെട്ടെന്ന് ചുണ്ടെലി ചാടിവീണു*
*തട്ടിൻപുറത്തുന്ന് താഴെ വീണു*

*പൊത്തോന്ന് ചുണ്ടെലി ചാടിയതും*
*നാട്ടുകാരെല്ലാരും പേടിച്ചോടി*
*തിക്കും തിരക്കും ബഹളമായി*
*ചുണ്ടെലി തഞ്ചത്തിൽ സദ്യയുണ്ടു*

ചിന്മയ
5b

# ബാലന് പറ്റിയ പണി

ബാലനും രവിയും കൂട്ടുകരാണ്.അവർ
വളരെ
കാലങ്ങളായി കണ്ടുമുട്ടിട്ട്.
ഒരിടത്ത് വച്ച് അവർ
കണ്ടുമുട്ടി.
രവി പറഞ്ഞു:"ദൈവം എനിക്ക്
എല്ലാം തന്നു.കാർ,വീട്,ഏക്കർ കണക്കിന് പുരയിടം.
കോടിക്ക-
ണക്കിന് രൂപയുടെ ആസ്തി.....
എല്ലാറ്റിനും അവകാശിയായി
ഒറ്റമകൾ .ഞാൻ ഭാഗ്യവാനാണ്.നീയോ?
"ഞാൻ ഒരു സാധു. വീടില്ല, കാർഇല്ല,
ആകെയുള്ളത് ഒരു മകനാണ്..... പക്ഷേ,
അവൻ നിൻറ മോളുമായി അഗാധ സ്നേഹത്തിലാണ്...
അറിയുമോ ?രവി അതു
കേട്ട് രവി തലയ്ക്ക് കൈയുംകൊടുത്ത് ഇരുന്നു.

അർച്ചന.B
9-B

# *നിഴൽ*

*എന്റെ കാവലാളായി*

*എന്നുമുണ്ടെൻ നിഴൽ*

*പ്രിയ സ്നേഹിതൻ എന്നപോൽ*

*ഉണരുമ്പോൾ കൂട്ടായി*

*ഉറങ്ങുമ്പോൾ കൂട്ടായി*

*എന്നും എൻ സോദരൻ*

*എന്നോടൊപ്പം*

*ജനനം മുതൽ മരണം വരെ*

*എൻ കാവലാളായി*

*കൂടെയുണ്ടെൻ സോദരൻ*

*മരിക്കുമ്പോൾ ചിതയിൽ*

*കത്തിയമരുമെൻ തോഴനും*

*എൻ നിഴലായി*

ശിവ

9c

# ഉണങ്ങാത്ത മുറിവുകൾ

ഉണങ്ങില്ല ആ മുറിവുകൾ
മരിക്കും വരെ ഈ മുറിവുകൾ
വേദനയായി ഭയമായി
എന്നോടൊപ്പം നടക്കുന്നു
ജീവിതത്തിലെ
എന്റെ സന്തോഷങ്ങളിൽ
തീയായ് ഈ മുറിവുകൾ
അവ എന്നെ തളർത്തുന്നു
കാർന്നുതിന്നുന്നു

ചന്ദന
9c

# മായാത്ത കാഴ്ചകൾ

നിലാവില്ലാത്ത രാത്രി. നദിയിലൂടെ നീങ്ങുന്ന ചെറുതോണി. അതിൽ ഏകനായി സഞ്ചരിക്കു-കയായിരുന്നു രവീന്ദ്രനാഥ ടാഗോർ. മെഴുകുതിരി-യുടെ അരണ്ട വെളിച്ചം. തണുത്ത കാറ്റ് വീശി. വി-ളക്കണഞ്ഞു. എങ്ങും കൂരിരുട്ട്. കൈയിലെ പുസ്തക-മടച്ച് ടാഗോർ ചുറ്റിലും നോക്കി. ഇരുകരകളിലും വീട്ടുവെളിച്ചത്തിന്റെ നിഴലുകൾ ഇളകിയാടുന്നു. ആകാശത്തും നദിയിലും നക്ഷത്രങ്ങളുടെ രത്ന ഭംഗി. ഇരുട്ടിന്റെ സൗന്ദര്യത്തിൽ മനം മയങ്ങി മഹാകവി നിശ്ചലനായി ഇരുന്നു.

-ടാഗോർ

ഉത്തര
9c

# ഓണവിശേഷം

ഓണം വന്നു തിരുവോണം
കേരളനാടിൻ പൊന്നോണം
തുമ്പ ചിരിക്കും തിരുവോണം
തുമ്പികൾ തുള്ളും പൊന്നോണം
പൂവിളി കേൾക്കും തിരുവോണം
പൂക്കളിറുക്കും പൊന്നോണം
മാബലിയെത്തും തിരുവോണം
മാമല നാടിനു പൊന്നോണം
ഊഞ്ഞാലാടിപ്പാടി രസിക്കും
മലയാളത്തിൻ തിരുവോണം

ആരോമൽ.എ
5-B

# കുപ്പായം കിട്ടിയേ!

ലല്ലല ലല്ലം കാട്ടിലെ കൂട്ടുകാരെല്ലാം വലിയ സന്തോഷത്തിലാണ്. കാരണം എന്താണെന്നോ നാട്ടിൽ പോയ ചോപ്പുക്കുരങ്ങൻ തിരികെ വന്നിരിക്കുന്നു. കൂടൊരു തയ്യൽ മെഷീൻ!

പാന്റ്സുമുടുപ്പും വേണ്ടവരെല്ലാം
വരിവരിയായിപ്പോന്നാട്ടെ,
പച്ചേം ചോപ്പും നീലേം മഞ്ഞേം
തുണിയിൽ തുന്നിത്തന്നീടാം!

ചോപ്പു പറഞ്ഞതു കേട്ട് കാട്ടിലെ കൂട്ടുകാരെല്ലാം ഓടിയെത്തി. എന്നിട്ട് ചോപ്പുവിന്റെ കടയുടെ മുന്നിൽ വരിവരിയായി നിന്നു.

ആനക്കുട്ടനുടുപ്പു തരാം
പുള്ളികളുള്ളൊരുടുപ്പു തരാം
കരടിച്ചേട്ടന് തരാം

പളപള മിന്നും തരാം

മുയലമ്മയ്ക്കൊരു ചുരിദാർ

മാൻകുട്ടിക്കൊരു പാവാട.

ഗമയിലൊരുങ്ങി നടക്കാനായി

കഴുതക്കുട്ടന് കോട്ടുതരാം!

ചോപ്പു എല്ലാവരുടെയും അളവ് എടുത്തു. എന്നിട്ട് കുപ്പായങ്ങൾ തയ്ക്കാനായി തുണിയും മുറിച്ചു.

ങേ, സൂചി കാണുന്നില്ലല്ലോ! സൂചി ഇല്ലാതെ എങ്ങനെ തയ്ക്കും പാവം ചോപ്പുക്കുരങ്ങൻ ആകെ വിഷമിച്ച് പോയി.

പാവം ചോപ്പു അവിടെയെല്ലാം തിരഞ്ഞു. എന്നാൽ എവിടേയും സൂചി കണ്ടില്ല.................................

മുന്ന

# കേരളമേ

മലയും പുഴയും
വയലേലകളും
തിങ്ങും നല്ലോരും
കേരളമേ!

നെല്ലും തെങ്ങും
മാവിൻതോപ്പും
നിറയും സുന്ദര
കേരളമേ!

മലയാളത്തിൻ
മധുരം നണയും
പച്ചപുതച്ചോരും

# കേരളമേ!

നവംബർ ഒന്നിൽ

ജന്മദിനത്തിൽ

അണിഞ്ഞുനിൽക്കു

സുന്ദരി നീ!

ഭഗത്

അമൃത

# കേശുവിന് പറ്റിയ അമളി

കേശു വിശന്നു തളർന്നു.

എന്തെങ്കിലും തിന്നണം.

വഴിയരികിൽ അതാ.. ഒരു എല്ലിൻകഷ്ണം.

അവൻ കൊതിയോടെ അതു കടിച്ചെടുത്തു.

ഓടിയോടി തോട്ടിൻെറ കരയിൽ എത്തി.

തോട്ടിനക്കരെ ഈറ്റക്കാടിന് അപ്പുറത്ത്

ആളൊഴിഞ്ഞ ഒരു വീടുണ്ട്.

അതിനു പിറകിലാണ് കേശുവിൻെറ വാസം.

അവിടെ എത്തിയിട്ട് വേണം സമാധാനത്തോടെ

എല്ല് തിന്നാൻ.

തോട്ടിനു കുറുകെ ഒരു ഒറ്റത്തടിപ്പാലമുണ്ട്.

സൂക്ഷിച്ചുനടന്നില്ലെങ്കിൽ വെള്ളത്തിൽ വീണതുതന്നെ

കേശു പാലത്തിലൂടെ സാവധാനം നടന്നു.

തോട്ടിലെ വെള്ളത്തിൽ അതാ.. മറ്റൊരു നായ.

എല്ലിൻകഷ്ണം തട്ടിയെടുക്കാൻ വന്നതാവും.

പേടിപ്പിച്ച് ഓടിക്കണം. പിന്നെ ഒട്ടും താമസിച്ചില്ല.

ബൗ...ബൗ... നായയെ നോക്കി കേശു കുരച്ചു.

പ്ധും,,,, എല്ലിൻകഷ്ണം തോട്ടിൽ വീണു.

സക്കീർ
5-എ

# സിംഹവും മരംകൊത്തിയും

ഒരിക്കൽ ഒരു സിംഹത്തിന്റെ തൊണ്ടയിൽ ഒരു എല്ലിൽ കഷണം കുടുങ്ങി. സിംഹത്തിന്റെ കരച്ചിൽ കേട്ടുവന്ന ഒരു മരംകൊത്തിയോട് സിംഹം സഹായം ചോദിച്ചു.

ഞാൻ, സഹായിക്കാം! പക്ഷേ, അതു

കഴിഞ്ഞ് എന്നെ ഉപദ്രവിക്കരുത്! മരംകൊത്തി പറഞ്ഞു. സിംഹം ഇല്ലെന്നു വാക്കുകൊടുത്തു.

എന്നാൽ മരംകൊത്തി ഒരു മരച്ചില്ല കൊണ്ടുവന്ന് വായിൽ കടത്തി വച്ചു. എന്നിട്ട് . എല്ലെടുത്തു കൊടുത്തു.

അതുകഴിഞ്ഞ് പറന്നുപോകുന്ന മരം കൊത്തിയെ കണ്ട് സിംഹം നാണിച്ചുപോയി. ചതിയന്മാരെ വിശ്യസിക്കാതിരിക്കുന്നതാണ് നല്ലത്.

# കമ്പ്യൂട്ടർ



വിവരങ്ങൾ സൂക്ഷിക്കുവാനും സംസ്കരിച്ചെടുക്കുവാനും വേണ്ടിയുള്ള ഒരു ഇലക്ട്രിക്ക് ഉപകരണമാണ് **കമ്പ്യൂട്ടർ** അഥവാ **സംഗണകം.** അഥവാ നിർദ്ദേശങ്ങളുടെ ഒരു സമാഹാരം മുഖേന വിവരങ്ങൾ നടപടിക്കു വിധേയമാക്കുന്ന ഒരു പ്രയോഗോപകരണം അല്ലെങ്കിൽ ഇലക്ട്രോണിക് ഉപകരണം ആണ്. വിധേയമാക്കേണ്ട വിവരങ്ങൾ സംഖ്യകൾ, എഴുത്ത്, ചിത്രങ്ങൾ, ശബ്ദം എന്നിങ്ങനെ പല തരത്തിലുള്ളതിനെ സൂചിപ്പിക്കാം. ലോകത്തിലെ ഏറ്റവും വേഗതയും കാര്യക്ഷമതയുമുള്ള കമ്പ്യൂട്ടറുകളാണ് സൂപ്പർ കമ്പ്യൂട്ടറുകൾ. ഇവ പ്രധാനമായും നാസ, ഐഎസ്ആർഓ തുടങ്ങിയ സ്പേസ് സ്റ്റേഷനുകളിലാണ് ഉപയോഗിക്കുന്നത്. നാസയിലെ സൂപ്പർകമ്പ്യൂട്ടറിന്റെ പേര് കൊളമ്പിയ എന്നാണ്.

# എല്ലാമോർക്കുന്ന മെമെക്സ്



എന്താണീ എക്സ്റ്റൻഷൻ കൊണ്ടുള്ള ഗുണം?

ഇത് ഇൻസ്റ്റാൾ ചെയ്യുന്നതോടെ ബ്രൗസറിന്റെ വലത്ത് മുകളിൽ അതിന്റെ ഐക്കണെത്തും. ഇതിൽ ക്ലിക്ക് ചെയ്താൽ കിട്ടുന്ന സേർച്ച് സൗകര്യമുപയോഗിച്ച് നാം മുമ്പ് സന്ദർശിച്ച പേജുകൾക്കും പിഡിഎഫുകൾക്കുമെല്ലാമുള്ളിൽ തിരയാം. ബുക്ക്മാർക്കിങ്ങിനും ഹൈലൈറ്റിങ്ങിനുമെല്ലാം സൗകര്യമുണ്ട്. സ്ക്രീൻ ഷോട്ടും കാണാം. എക്സ്റ്റൻഷൻ ഇൻസ്റ്റാൾ ചെയ്ത ശേഷം സന്ദർശിക്കുന്ന പേജുകളിൽ മാത്രമേ കാര്യമായ തിരച്ചിൽ നടക്കൂ എന്നോർക്കണേ

-ഇ. നന്ദകുമാർ

മീനാക്ഷി

9c

# വെള്ളം വന്ന വഴി

രാവിലെ മഴപെയ്ത്ത് മുറ്റം നിറയെ വെള്ളം കെട്ടികിടക്കുന്ന-
തുകണ്ട് അപ്പുവിന് സന്തോഷമായി.ഹയ്യട,,,, വൈകിട്ട് സ്കൂൾവിട്ടു
വന്നാലുടൻ തോണിയുണ്ടാക്കിക്കളിക്കണം.! അവൻതീരുമാനിച്ചു.
വൈകിട്ട് അപ്പു വന്നപ്പോഴല്ലേ രസം. മുറ്റത്ത് ഒരു തുള്ളി വെള്ളമില്ല.ശെടാ ... ഈ വെള്ളമെല്ലാം എവിടെ പോയി?
അപ്പു അന്തംവിട്ട് നിന്നു. അപ്പോൾ അമ്മ പറഞ്ഞു: “ മണ്ണിൽ
കുറേ ദ്വാരങ്ങളുണ്ട്. അതുവഴി വെള്ളമെല്ലാം താഴേക്ക് ഇറങ്ങിപ്പോകും. ഇങ്ങനെ ഇറങ്ങപ്പോകുന്ന വെള്ളമാണ് കിണറ്റിലൂടെ നമ്മൾ കോരിയെടുക്കുന്നത്!”
“ങേ.. അപ്പു അത്ഭുതപ്പെട്ടു.

അർച്ചന
5-b

# പുഷ്പങ്ങൾ.

***മനോഹരമായ പുഷ്പങ്ങൾ.......***

***ജീവിതം പോലെ ..........***













# താമര





-അസ്ന ഫാത്തിമ. എ

***IX-C***

# എത്ര പഴം തിന്നും?


രാജു ഒരു മഹാ മണ്ടനാണ്. അവനോട് ഒരു ദിവസം കൂട്ടുകാരൻ ചോദിച്ചു ; എടാ നിനക്ക് വെറും വയറ്റിൽ എത്ര പഴം തിന്നാൻ കഴിയും? രാജു ഉടനെ പറഞ്ഞു , നാല് എന്താ ചോദിച്ചത്? കഷ്ടം ..... എടാ മണ്ടാ....... ഒരെണ്ണം തിന്നാൽ തന്നെ വെറും വയർ അല്ലാതാകും . പിന്നെയെങ്ങനെ നാലെണ്ണം തിന്നും ? മരമണ്ടൻ കൂട്ടുകാർ കളിയാക്കി ...........

രാജു നാണംകെട്ടു. അവൻ അവസരം പാർത്തു നടന്നു . അപ്പോഴതാ അവിടെ ഒരാൾ ഇരുന്ന് നേന്ത്രപ്പഴം തിന്നുന്നു. ഇതു തന്നെ തക്കം..... ചേട്ടാ... വെറും വയറ്റിൽ എത്ര പഴം തിന്നും? മൂന്ന് എന്താ? രാജു പറഞ്ഞു; ഒരെണ്ണംകൂടി തിന്നണം..... നാലെണ്ണമായാൽ ഞാനേ ഒരു തമാശ പറയാം.....!

# One page calendar 2019

| DATES | | | | | Apr | Jan | may | Aug | Feb | @bpk69 | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | Jul | Oct | | | Mar | Jun | Sep |
| | | | | | | | | | Nov | | Dec |
| 1 | 8 | 15 | 22 | 29 | mon | Tue | Wed | Thu | Fri | Sat | Sun |
| 2 | 9 | 16 | 23 | 30 | Tue | Wed | Thu | Fri | Sat | Sun | Mon |
| 3 | 10 | 17 | 24 | 31 | Wed | Thu | Fri | Sat | Sun | Mon | Tue |
| 4 | 11 | 18 | 25 | | Thu | Fri | Sat | Sun | Mon | Tue | Wed |
| 5 | 12 | 19 | 26 | | Fri | Sat | Sun | Mon | Tue | Wed | Thu |
| 6 | 13 | 20 | 27 | | Sat | Sun | Mon | Tue | Wed | Thu | Fri |
| 7 | 14 | 21 | 28 | | Sun | Mon | Tue | Wed | Thu | Fri | Sat |

$$BC = \sqrt{AB^2 + AC^2} = \sqrt{1656^2 + 1155^2} = \sqrt{4076361} = 2019$$



# ENGLISH COLLECTIONS



# PLANTS MORE TREES



# CONSERVE TREES, CONSERVE LIFE..

# LESS BURNIING



# MORE PLANE AIR...

# DON'T BE DRASTIC SAY NO TO PLASTIC



## RECYCLE PLASTIC

# DEPEND MORE ON RENEWABLE ENERGY



# SAVE OUR PLANET

# Love My Country

*I love Punjab for fighting*
*Bengal for writing*
*Goa for beaches*
*Kashmir for beauty*
*Maharashtra for victory*
*Rajasthan for history*
*Himachal for apple*
*Odisha for temple*
*Gujarat for Gandhi*
*Kerala for rain*
*Thus you see*
*I love my Country*

Meenu
10-a

## Mathematical
# WAY OF LIFE

*Life is polgon*
*Don't live in a circlel*
*multiply your knowledge*
*Subtract your sorrows*
*Treat everybody as equals*
*Be ready to share everything you have.......*
*Try to have a set of principles*
*Let your ideas grow as an obtuse angle.......*
*Try to take a decision in a straight line......*
*If you live in this way, then definitely*
*Happiness will be added to your life.*

Adithya dev -9B

# *SPRING RAIN*

*The storm came up so very quik.....*
*It couldn't have been quicker.*
*I should have brought my hat along*
*I should have brought my slicker.*
*My hair is wet my feet are wet*
*I couldn't be much wetter*
*I feel in to a river once*
*But this is even better*

RAHUL B.R
10.A

# THE TREE'S GOOD DEED

*Crocky the crocodile loved to eat fresh fruites.One day he was very hungry. He went searching for some fruites.Finally he found a ripe fruit lying under a tree.”Wow!”crocky was happy Crocky immediately ate the fruit.But he was still hungry.He looked up at the tree.The tree was laden with ripe fruits.'I can't pluck them'. Crocky was very sad to see them.”You nasty tree!I'm very hungry. Can't you give me some fruits?” Crocky started to scold the tree and pounded it with his head.As the tree shook,ripe fruits began to fall down.Crocky was delighted.'I am so lucky,' he thought as he ate heartily.”Dear tree,even though i scolded and attacked you,youstill gave me ripe fruits.Thank you!”Crocky said, as he went away.*

Sneha 9C

# *FLOWERS*

*Flowers are happiness.*
*Flowers contain sweets.*
*Flowers give a different smell .*
*Flowers make our mind free.*
*Flowers give food to file.*
*Flowers show a different way.*
*Flowers are nature's gift.*
*Flowers are able to change our mood.*
*Flowers store honey in them.*
*Flowers are one of the-*
*Unique things in the world.*

Bhavana
9c

# HUMPTY DUMPTY

Humpty  dumpty

Sat on a wall,
Humpty  dumpty
Had a great fall.

All the king's horses
And all the king's men
could not  put Humpty-Dumpty
Together  again.

Karthika
5.b

# DEEP INTO THE WOODS

I walked through  the deep forest,
Between the dark spooky trees.
At the cry of  midnight,
All the bugs turned and flew
Amongst the willow  stood a man
stout and strong, who burned my fear
no one to help no one to speak,
All alone in the crazy wood.
Where to go and where to sleep
In this frightful night?
I left away all my hopes,
As I walked to wards the silver coat
Nothing to think nothing to cry,
As I moved to wards the Lazy lad.
Alas! He surprised me up
stood in front a scarecrow's top.

Sreekutty.v
7-B

# MAGGI'S FAITHFUL FRIENDS

Maggi owned a farm. She had a -
rooster named Roary, a duck named Docky, and-
a dog named Doodo . They all loved Maggi .
One summer ,during a severe drought,the pond
and the well on the farm dried up. "How will we
get water? There is no place for us to get water,"
Maggi said worriedly .

"we must help Maggi ," Roary said
to Docky and Doodo.
"How can we help her? " they asked.
"Doodo, since you can run fast, go and -
search for water in place s nearby. When you see
water, return and inform maggi."
"Good idea," said Doodo . He started running .
He ran to many nearby places finally,
He found water in a pond . Doodo happily -
returned and informed Maggi . Maggi also-
ran to pond happily , and water .
" Iam grateful to you,my dear friends ,"
Maggi said to you, my dear friends, "Maggi said to Roary,
Docky, and also thankful to you for taking care of us,"
said Roary, Docky and Doodo.

SREEDEV
8.A

# Calculator.



Pascal's calculator
is a mechanical
calculator invented
by Blaise Pascal in
the early 17th century. It was called the
arithmetic machine and later became known as the Pascaline. calculator by the laborious arithmetical calculations required by his father's work as supervisor of taxes in Rouen.

Nine Pascal calculators have been made , including the first surviving mechanical calculator from the

**17th century. Most of them are on display in European museums.**

# Paper.



**Paper is a writing material that was first invented in ancient China. Although contemporary precursors such as papyrus and amate existed in the Mediterranean world and pre-Columbian Americas, respectively, these materials are not defined as true paper. The first papermaking process was documented in China during the Eastern Han period (25-220AD),tradition ally**

**attributed to the court official Cai Lun. During the 8th century Chinese paper making spread to the Islamic world .By the 11th century papermaking was brought to medieval Europe,where it was refined with the earliest known paper mills utilizing waterwheels. Later Western improvements to the papermaking process came in the 19th century with the invention of wood-based papers.**

# Mobile



**Motorola was the first company to produce a handheld mobile phone. On 3 April 1973,Martin Cooper, a Motorola researcher and executive,**
**made the first mobile telephone call from handheld subscriber equipment, placing a call to Dr.-Joel S. Engel of Bell Labs.**

# Aeroplane.



**On December 17,1903 Wilbur and Orville Wright made four brief filghts at Kitty Hawk with their first powered aircraft. The Wright brothers had invented the first successful airplane.**

# Bulb.



**Edison and his team researchers in Edison's laboratory in Menlo park, N.J., tested more than 3,000 designs for bulbs between 1878 and 1880. In November 1879, Edison filed a patent for an electric lamp with a carbon filament.**

# Computer.



**Charles Babbage, an English mechanical engineer and polymath, originated the concept of a programmable computer. Considered the "father of the computer",he conceptualized and invented the first mechanical computer in the early 19th century. The US-built ENIAC(Electronic**

**Numerical Integrator and computer)was the first electronic programmable computer built in the US.**

# Television




**By the 1920s,when amplification made television practical , Scottish inventor John Logie Baird employed the Nipkow disk in his prototype video systems. On 25 March 1925 ,Baird gave the first public demonstration of televised**

**silhouette images in motion, at Selfridge's Departments store in London.**

# Lens




**Around 1284 in Italy,Salvino D'Armate is credited with inventing the first wearable eye glasses. Between the 11th and 13th century “reading stones” Where invented. Often used by monks to assist in illuminating manuscripts, these were primitive plano-convex lenses initially made by cutting a glass sphere in half.**

# Pen



**The first patent on a ballpoint pen was issued on October 30, 1888, to John J loud.**
**In 1938, Laszlo Biro, a Hungarian news paper editor, with the help of his brother George, a chemist, began to work on designing new types of pens including one with a tiny ball in its tip that was free to turn in a socket.**

# Electricity



**Building upon Frankiln's work, many scientists studied electricity and began to understand more about how it work. For example , 1n 1879,Thom as Alva Edison invented the electric light bulb and our world has been brighter ever since!However, the discovery of electromagnetic in induction and the invention of dynamo viable for use in technology, was the reason for crowning Michael Faraday as**

**the father of electricity.**

# <u>Gun</u>



**The firearm was invented in China during the 13th century CE, after the Chinese invented black powder during the 9th century CE. These inventions were later transmitted to the middle East, Africa, and Europe. The direct ancestor of the firearm is the fire lance, the prototype of the gun.**

**-ASNA FATHIMA.A $ ARCHANA.A.S**

**IX-C**

# Camera




**Johann Zahn designed the first in 1685.But the first photograph was clicked by Joseph Niepce in the year 1814. An lraqi scientist lbnal-Haytam had made a mention of this kind of a device in his book,Book of optics in 1021.**

**-ASNA FATHIMMA.A$**
**ARCHANA.A.S**

# PARTS OF COMPUTER



MONITER

KEYBORD





MOUSE

CPU





UPS

PRINTER





SPEKER

CD DRIVE





SCANNER

PROJECTER





JOYSTICK

LIGHTPEN





MICROPHONE

PC HEADSET






WEBCAMERA

***DEVIKA.S***
***9-C***

# <u>CONVERSATION.</u>

## <u>TONY CONGRATULATES APPU</u>



**TONY:Hi Appu. Well done. Tom told me that you also have a scholarship.**

**APPU:Oh!Thank you, TONY.**

**TONY:How did you win this ? My heart congratulations.**

**APPU:Thanks. Really it's because of my good luck.**

**TONY:I see I thought it's because of your hard work.**

**APPU:But I had worked harder last year.**

**TONY:By the way, how much is the scholarship amount?**

**APPU:It's only two hundred rupees. You know it's amount that matters.**

**TONY:There you are. After all what a small sum two hundred rupees is.**

**APPU:TONY, what should we do to get the scholarship money?**

**TONY:You better ask our Shobha teacher. She 'll certainly help you .**

**APPU:Ok,TONY. I'll meat the teacher today it self.**





**Asna Fathima.A**

**IX-C**

# കലകളിലൂടെ



# മോഹിനിയാട്ടം



**മോഹിനിയാട്ടം** (*Mohiniyattam*) കേരളത്തിന്റെ തനത് ലാസ്യനൃത്തകലാരൂപമാണ്[1]. നാട്യശാസ്ത്രത്തിൽ പ്രതിപാദിക്കുന്ന ചതുർവൃത്തികളിൽ ലാസ്യ-ലാവണ്യസമ്പന്നമായ കൈശികീവൃത്തിയിൽ ഊന്നിയ ചലനങ്ങളാണ് മോഹിനിയാട്ടത്തിന്റെ മുഖമുദ്ര. ഭാരതി, സാത്വതി, ആരഭടി എന്നിവയാണ് മറ്റ് മൂന്ന് വൃത്തികൾ. രസരാജനായ ശൃംഗാരമാണ് മോഹിനിയാട്ടത്തിൽ കൂടുതലായി ആവിഷ്കരിക്കപ്പെടാറുള്ളത്. ശൃംഗാരരസപ്രകരണത്തിന് ഏറ്റവും അനുയോജ്യമായ വൃത്തിയും കൈശികിയത്രെ. മലയാളത്തിലെ ഒരേയൊരു ശാസ്ത്രീയ സ്ത്രീനൃത്തകലയായ മോഹിനിയാട്ടം ഈയിടെയായി പുരുഷന്മാരും അവതരിപ്പിച്ചുകാണുന്നു.

# കഥകളി



കേരളത്തിന്റെ തനതായ ദൃശ്യകലാരൂപമാണ് **കഥകളി.** രാമനാട്ടം എന്ന കല പരിഷ്കരിച്ചാണ് കഥകളി ഉണ്ടായത്. കഥകളിയിലെ വേഷങ്ങൾ പ്രധാനമായും പച്ച, കത്തി, കരി, താടി, മിനുക്ക് എന്നിവയാണ്.ശാസ്ത്രക്കളി, ചാക്യാർകൂത്ത്, കൂടിയാട്ടം, കൃഷ്ണനാട്ടം, അഷ്ടപദിയാട്ടം, ദാസിയാട്ടം, തെരുക്കൂത്ത്, തെയ്യം, തിറയാട്ടം, പടയണി തുടങ്ങിയ ക്ലാസ്സിക്കൽ - നാടൻ കലാരൂപങ്ങളുടെ അംശങ്ങൾ കഥകളിയിൽ ദൃശ്യമാണ്. 17, 18 നൂറ്റാണ്ടുകളിലായി വികസിതമായ ഈ കലാരൂപം വരേണ്യ വിഭാഗങ്ങൾക്കിടയിൽ മാത്രം ഒതുങ്ങിനിന്നിരുന്നവെങ്കിലും ഇരുപതാം നൂറ്റാണ്ടിൽ മഹാകവി വള്ളത്തോൾ അടക്കമുള്ള ഉത്പതിഷ്ണുക്കളുടെ ശ്രമഫലമായി ഇന്ന് ലോക പ്രസിദ്ധി കൈവരിച്ചിരിക്കുന്നു


ദേവിക.എസ്

9-c

# പടയണി



കേരളത്തിന്റെ പ്രാചീന സംസ്കാരത്തിന്റെ പ്രതീകങ്ങളിലൊന്നായി ഭഗവതി ക്ഷേത്രങ്ങളിൽ അവതരിപ്പിച്ചുവരുന്ന ഒരു അനുഷ്ഠാനകലയാണ് പടയണി. പടേനി എന്നും ഇതിനു വിളിപ്പേരുണ്ട്. [1]. വിളവെടുപ്പിനോടനുബന്ധിച്ച് ആണ് ഇത് നടത്തിവരുന്നത്. ഒരു ഗ്രാമത്തിലെ മൊത്തം ജനങ്ങളെയും വസൂരിയിൽ നിന്നും മറ്റും രക്ഷിക്കുന്നതിനായാണ് [*അവലംബം ആവശ്യമാണ്*] ഇത് നടത്തിവരുന്നത് എന്നതിനാൽ നാനാജാതിമതസ്ഥരുടേയും പങ്കാളിത്തം പടയണിയിൽ കാണുവാനാകും. കവുങ്ങിൻപാളകളിൽ നിർമ്മിച്ച ചെറുതും വലുതുമായ അനേകം കോലങ്ങളേന്തി തപ്പ്, കൈമണി, ചെണ്ട തുടങ്ങിയ വാദ്യങ്ങളുടെ ശബ്ദമേളങ്ങൾക്കിടയിൽ തീച്ചൂട്ടുകളുടേയും പന്തങ്ങളുടേയും വെളിച്ചത്തിൽ തുള്ളിയുറയുന്നതാണ് ഇതിന്റെ അവതരണരീതി.

# ചവിട്ടുനാടകം



കഥകളിയുടെ ആവിർഭാവത്തിനു ഉദ്ദേശം ഒരു നൂറ്റാണ്ടു മുമ്പ് പോർച്ചുഗീസുകാരുടെ വരവിനുശേഷമാണ് ഈ കല കേരളത്തിൽ രൂപം കൊണ്ടത്. ഉദയംപേരൂർ സുനഹദോസിനു ശേഷം ക്രൈസ്തവേതരമായ വിശ്വാസാനുഷ്ഠാനങ്ങളിൽ നിന്നും ലത്തീൻ പുതുവിശ്വാസികളെ അകറ്റി നിറുത്താനായി പല നിയമങ്ങളും കർശനമായി പാലിക്കുവാൻ പുരോഹിതനെ നിശ്ചയിച്ചു.

# ഓട്ടൻതുള്ളൽ



മുന്നൂറോളം കൊല്ലംമുമ്പ് കലക്കത്തു കുഞ്ചൻ നമ്പ്യാർ ആവിഷ്കരിച്ച ജനകീയകലാരൂപമാണ് ഓട്ടൻതുള്ളൽ. സാധാരണക്കാരന്റെ കഥകളി എന്നും ഓട്ടൻതുള്ളൽ അറിയപ്പെടുന്നു. നർമ്മവും ആക്ഷേപഹാസ്യവും സാമൂഹിക വിശകലനവും എല്ലാം ചേർത്ത് ആകർഷകമായി രചിച്ച പാട്ടുകൾ ബഹുജനങ്ങൾക്ക് ആകർഷകമാം വിധം ചടുല നൃത്തമായി അവതരിപ്പിക്കുകയാണ് ഓട്ടൻതുള്ളലിൽ. ലളിതമായ വേഷവും നാടോടി സ്വഭാവമുള്ള അംഗചലനങ്ങളുമാണ് തുള്ളലിന്. മിക്കപ്പോഴും ക്ഷേത്രത്തിനു പുറത്താണ് അവതരിപ്പിച്ചിരുന്നത്.

ചാക്യാർ കൂത്തിനു പകരമായി ആണ് ഓട്ടൻതുള്ളൽ കുഞ്ചൻ നമ്പ്യാർ അവതരിപ്പിച്ചത്. അന്നത്തെ സാമൂഹിക സാമ്പത്തിക വ്യവസ്ഥയ്ക്കും മുൻവിധികൾക്കും എതിരായ ഒരു പ്രതിഷേധമായിരുന്നു ഓട്ടൻതുള്ളൽ. നിറപ്പകിട്ടാർന്ന വേഷങ്ങൾ അണിഞ്ഞ ഒരു കലാകാരൻ ഒറ്റയ്ക്ക് തുള്ളൽ പാട്ടുപാടി നൃത്തം ചെയ്യുകയും അഭിനയിക്കുകയും ചെയ്യുന്നു.

# ഭരതനാട്യം



ഭാരതീയനൃത്തങ്ങളിൽ മുഖ്യ സ്ഥാനത്തുള്ള ഭരതനാട്യം തമിഴ്നാടിന്റെ സംഭാവനയാണ്. ഭരതനാട്യത്തിന്റെ ആദ്യകാലനാമം **ദാസിയാട്ടം** എന്നായിരുന്നു. ഭരതമുനിയുടെ നാട്യശാസ്ത്രത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട അഭിനയ ദർപ്പണം എന്ന ഗ്രന്ഥമാണ് ഭരതനാട്യത്തിന് ആധാരമായി അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ആറാം നൂറ്റാണ്ടു മുതൽതന്നെ പല്ലവ- ചോള രാജാക്കന്മാർ നൃത്ത-സംഗീത-ശില്പങ്ങളെ വളർത്തിയിരുന്നതായി പറയപ്പെടുന്നു. പത്തൊമ്പതാം നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ തഞ്ചാവൂർ സഹോദരന്മാർ എന്നുമറിയപ്പെടുന്ന ചിന്നയ്യ സഹോദരന്മാരാണ് ദാസിയാട്ടം പരിഷ്കരിച്ച് ഭരതനാട്യത്തിന് രൂപം കൊടുത്തത്.

# കൂടിയാട്ടം



ലോകപൈതൃകമായി യുനെസ്കോ അംഗീകരിച്ച ആദ്യത്തെ ഭാരതീയ നൃത്തരൂപമാണ് **കൂടിയാട്ടം.** അഭിനയകലയ്ക്ക് നൃത്തത്തേക്കാൾ പ്രാധാന്യം നൽകുന്നതിനാൽ കൂടിയാട്ടത്തിനെ "*അഭിനയത്തിന്റെ അമ്മ*" എന്നും വിശേഷിപ്പിക്കുന്നു[1]. കൂടിയാട്ടത്തിന്റെ ഇപ്പോഴുള്ള രൂപത്തിന് എണ്ണൂറ് വർഷങ്ങളുടെ പഴക്കമേയുള്ളൂ[2]. ഏറ്റവും പ്രാചീനമായ സംസ്കൃതനാടകരൂപങ്ങളിലൊന്നാണിത്. പൂർണരൂപത്തിൽ ഒരു കൂടിയാട്ടം അവതരിപ്പിക്കാൻ 41 ദിവസം വേണ്ടിവരും.

# LITTLE KITES MEMBERS



# Editorial Board Members

***Abhishek Vijay***

***Adithya Dev.DL***

***Anakha .AS***

***Archana.AS***

***Archana.B***

***Asna fathima.A***

***Bhavana .MV***

***Devika.S***

***Jishnu sasidharan***

***Karthika.R***

***Lal krishnan***

***Nikhil. PR***

***Nizamia Nizar .S***

***Sreekutty.V***

# നന്ദി

ഈ Magazine തയ്യാറാക്കാൻ നമ്മളെ സഹായിച്ച
HM-ഗീത ടീച്ചറിനും
Little Kites കൺവീനർമാരായ ആശ ടീച്ചറിനും
കവിത ടീച്ചറിനും മറ്റധ്യാപകർക്കും
രചനാസമാഹാരങ്ങൾ കൊണ്ടുവന്ന കൂട്ടുകാർക്കും
നന്ദി രേഖപ്പെടുത്തുന്നു

എന്ന്,

**Little Kites Members**

